# Deepika

# 17 July 2018

# Kochi, Heavy Rain, Flood, Relief Camps



## ജില്ലയിൽ 31 ക്യാമ്പുകൾ; 3254 പേരെ മാറ്റിപ്പാർപ്പിച്ചു

**കൊച്ചി:** കനത്ത മഴയെത്തുടർന്ന് ജില്ലയിൽ ദുരിതത്തിലായ മേഖലകളിൽനിന്നു 3254 പേരെ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചതായി കളക്ടർ മുഹമ്മദ് സഫീറുള്ള അറിയിച്ചു. വിവിധ താലൂക്കുകളിലായി 31 ക്യാമ്പുകളാണ് തുറന്നത്. 970 കുടുംബങ്ങൾ ക്യാമ്പുകളിൽ അഭയം തേടി.

ക്യാമ്പുകളിൽ വൈദ്യസഹായം അടക്കം ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ തഹസിൽദാർമാർക്ക് നിർദേശം നൽകിയതായി കളക്ടർ അറിയിച്ചു. രാത്രി വൈകിയും ക്യാമ്പുകളിലേക്ക് ആളുകളെ മാറ്റുന്നതിനാൽ ഈ എണ്ണത്തിൽ വർധന ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കടലാക്രമണം രൂക്ഷമായ ചെല്ലാനവും വൈപ്പിനും ഉൾപ്പെടുന്ന കൊച്ചി താലൂക്കിലാണ് ഏറ്റവും കൂടുതൽ പേർ ക്യാമ്പുകളിലെത്തിയത്.

559 കുടുംബങ്ങളിലെ 2075 പേരാണ് ആറ് ക്യാമ്പുകളിലായി കഴിയുന്നത്. ചെല്ലാനം ലിയോ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലെ ക്യാമ്പിൽ 229 കുടുംബങ്ങളിലെ ആയിരം പേരെ മാറ്റിപാർപ്പിച്ചു. സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ 190 കുടുംബങ്ങളിലെ 800 പേരും കഴിയുന്നു. എളങ്കുന്നപ്പുഴ സെന്റ് പീറ്റേഴ്സ് എൽപി സ്കൂളിൽ 90 കുടുംബങ്ങളിലെ 189 പേർക്ക് അഭയമൊരുക്കി. പനയപ്പള്ളി ഗവ. സ്കൂളിൽ ഒരു കുടുംബവും പള്ളുരുത്തിയിലെ കോർപറേഷൻ ടൗൺഹാളിൽ 32 കുടുംബങ്ങളിലെ 65 പേരും അഭയം തേടിയെത്തി.

പുതുവൈപ്പ് ഗവ. യുപി സ്കൂളിലെ ക്യാമ്പിൽ 17 കുടുംബങ്ങളിലെ 28 പേർക്കും അധികൃതർ താൽക്കാലിക സൗകര്യമൊരുക്കി. മൂവാറ്റുപുഴ താലൂക്കിൽ 59 കുടുംബങ്ങളിലെ 168 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. ടൗൺ യുപി സ്കൂളിൽ 13 കുടുംബങ്ങളിലെ 30 പേരും പിറവം പാറപ്പാലിൽ പ്രയർ ഹാളിൽ നാലു ഒൻപത് പേരും അഭയം തേടി. തെക്കൻ മാറാടിയിലെ ക്യാമ്പിൽ 11 പേർക്ക് സൗകര്യമൊരുക്കി. കാക്കൂർ എൻഎസ്എസ് ഓഡിറ്റോറിയം കുര്യൻമല ആരോഗ്യകേന്ദ്രം എന്നിവിടങ്ങളിൽ പത്തു പേർ വീതവും കടാതി എൻഎസ്എസ് ഓഡിറ്റോറിയത്തിൽ 80 പേരും അഭയം തേടി. കോതമംഗലം താലൂക്കിൽ 43 കുടുംബങ്ങളിലെ 142 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. തൃക്കാരിയൂർ ഗവ. എൽപി സ്കൂളിൽ 32 പേരും കോതമംഗലം ടൗൺ യുപി സ്കൂളിൽ 110 പേരും കഴിയുന്നു.

കണയന്നൂർ താലൂക്കിൽ 115 കുടുംബങ്ങളിലെ 286 പേർക്ക് അധികൃതർ ക്യാമ്പുകളിൽ സൗകര്യമൊരുക്കി. ഇരുമ്പനം ഭാസ്കരൻ കമ്യൂണിറ്റി ഹാളിൽ 76 കുടുംബങ്ങളിലെ 180 പേരും കടവന്ത്ര കേന്ദ്രീയ വിദ്യാലയത്തിൽ 15 കുടുംബങ്ങളിലെ 38 പേരും തുതിയൂരിലെ സെന്റ് മേരീസ് യുപി സ്കൂളിൽ 35 കുടുംബങ്ങളിലെ 131 പേരും കഴിയുന്നു. ആലുവ താലൂക്കിൽ ചെങ്ങൽ സെന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ ഇന്നലെ ഉച്ചയ്ക്ക് തുറന്ന ക്യാമ്പിലേക്ക് 35 കുടുംബങ്ങളിലെ 131 പേരെ മാറ്റിപ്പാർപ്പിച്ചു.

പറവൂർ താലൂക്കിൽ 174 കുടുംബങ്ങളിലെ 512 പേരെ ക്യാമ്പിലേക്കു മാറ്റി. ആലങ്ങാട് തിരുവാലൂർ ഗവ എൽപി സ്കൂളിൽ 40 പേരും പുത്തൻവേലിക്കര കുത്തിയതോട് സെന്റ് ഫ്രാൻസിസ് യുപി സ്കൂളിൽ 120 പേരുമുണ്ട്. ഏലൂർ ഗവ. യുപി സ്കൂളിൽ 12 പേരെയും പാതാളം നഗരസഭാ കെട്ടിടത്തിൽ 100 പേരെയും മാറ്റിപ്പാർപ്പിച്ചു.

കുനമ്മാവ് സെന്റ് ഫിലോമിനാസ് സ്കൂളിലെ ക്യാമ്പിൽ 45 പേരും കൈതാരം ഹയർ സെക്കൻഡറി സ്കൂളിൽ 30 പേരും കഴിയുന്നു. കുറ്റിക്കാട്ടുകര ഗവ. എൽപി സ്കൂളിൽ 35 പേരെയും ഇന്ത്യൻ അലൂമിനിയം കമ്പനിയുടെ യൂണിയൻ കെട്ടിടത്തിൽ 45 പേരെയും മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. മനയ്ക്കപ്പടി ഗവ. എൽപി സ്കൂളിൽ 25 പേരും വയൽക്കര എസ്എൻഡിപി സ്കൂളിൽ 60 പേരുമുണ്ട്.